**കാർഷിക വികസന കർഷക ക്ഷേമ ഡയറക്ടറേറ്റ്-തിരുവനന്തപുരം.**

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം.**

**ഹാജർ :: കെ.എൻ.സുജാത.**

വിഷയം:: കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് - ജീവനക്കാര്യം - സീനിയോറിറ്റി ലിസ്റ്റിൽ പേര് ഉൾപ്പെടുത്തി ഉത്തരവാകുന്നു.

പരാമർശം:: 1. ഉത്തരവ് നം. എസ്. എ.(1) 41531/10 തീയതി: 24.07.13.

2. 28.12.2015 ലെ ഇ(2) 15090/2015 നം. പ്രിൻസിപ്പൽ കൃഷി ഓഫീസർ, കൊല്ലത്തിന്റെ കത്ത്.

**ഉത്തരവ് നം. എസ്.എ.(4) 1783/16 തീയതി:29.4.16.**

ആശ്രിത നിയമന പ്രകാരം കൊല്ലം ജില്ല തെരഞ്ഞെടുത്ത ശ്രീമതി. എൽ.ചിന്നുമോൾക്ക് ക്ലാർക്കിന്റെ ഒഴിവ് കൊല്ലം ജില്ലയിൽ ഇല്ലാത്തതു കാരണം 05.03.07 ലെ കൃഷി ഡയറക്ടറുടെ ഉത്തരവ് പ്രകാരം എൽ.ഡി. ക്ലാർക്കായി കൃഷി ഡയറക്ടറേറ്റിൽ നിയമിക്കുകയും 22.03.07 ൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. ടിയാളുടെ പേര് ക്ലാർക്കുമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല എന്ന് രേഖാമൂലം ഉചിതമാർഗ്ഗേന പരാമർശം (2) പ്രകാരം അറിയിച്ചിട്ടുണ്ട്. പരാമർശം 1 പ്രകാരമുള്ള 01.01.2007 മുതൽ 30.06.2012 വരെയുള്ള എൽ.ഡി. ക്ലാർക്കുമാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് പരിശോധിച്ചതിൽ ശ്രീമതി. എൽ.ചിന്നുമോളുടെ പേര് ഉൾപ്പെട്ടിട്ടില്ലാ എന്ന് ബോദ്ധ്യപ്പെട്ടു.

ഈ സാഹചര്യത്തിൽ 01.01.2007 മുതൽ 30.06.2012 വരെയുള്ള എൽ.ഡി. ക്ലാർക്കുമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ 05.03.07 ലെ നിയമന ഉത്തരവ് പ്രകാരം 04.04.07 ൽ ജോലിയിൽ പ്രവേശിച്ച ക്രമ നം. 17 കാരനായ ശ്രീ. പ്രശാന്ത് എം.എ.യ്ക്കും 08.03.07. ലെ കൊല്ലം ജില്ല പി.എസ്.സി. ഓഫീസറുടെ നിയമന ശുപാർശ പ്രകാരം 02.04.07- ൽ ജോലിയിൽ പ്രവേശിച്ച ക്രമ നം. 18 കാരനായ ശ്രീ. കിരൺ കെ.എസിനും മദ്ധ്യേ ക്രമ നം. 17 (എ) ആയി ശ്രീമതി. എൽ. ചിന്നുമോൾക്ക് സ്ഥാനം നൽകി കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(ഒപ്പ്)

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ.

ശ്രീമതി.എൽ. ചിന്നുമോൾ.

ക്ലാർക്ക് ( കൊല്ലം പി.എ.ഒ. മുഖാന്തിരം)

പകർപ്പ്:: 1 പ്രിൻസിപ്പൽ കൃഷി ഓഫീസർ, കൊല്ലം. (സേവനപുസ്തകം സഹിതം)

2.ഡി.ഡി.എ., ഐ.റ്റി.സെൽ.(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.

3.സീനിയർഅഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ സി.എ.യ്ക്ക്.

4. സ്റ്റോക്ക് ഫയൽ, സ്പെയർ.

ജൂനിയർസൂപ്രണ്ട്.

Junior Superintendent
SA Section
Directorate of Agriculture
Thiruvananthapuram - 33